# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 858 02.12.2015-ൽ മറുപടിക്ക്**

**പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.തോമസ് ചാണ്ടി :** | **ശ്രീ. പി.ജെ. ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| എ) കുട്ടനാട് പാക്കേജിൽ അനുവദിച്ച 70 കോടി രൂപയുടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പദ്ധതി എത്രത്തോളം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | എ) ആറ് പാക്കേജുകളായുള്ള പ്രസ്തുത പദ്ധതിയിൽ **പാക്കേജ്-I (ട്രാൻസ് മിഷൻ സിസ്റ്റം-I)** ൽ 27200 m പൈപ്പ് സ്ഥാപിക്കുന്ന ജോലിയുടെ 17500m പൂർത്തീകരിച്ചു. ബാക്കി പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.<br>**പാക്കേജ്-II (ട്രാൻസ് മിഷൻ സിസ്റ്റം-II)**<br>17800m-ൽ 14000 m പൈപ്പ് സ്ഥാപിച്ചു കഴിഞ്ഞു. ബാക്കി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br>**പാക്കേജ്-III**<br>വിതരണത്തിനുള്ള പൈപ്പുകൾ ലഭ്യമാണ്. ഇതിൽ 8 കി.മീ പൈപ്പുകൾ സ്ഥാപിച്ചു.<br>**പാക്കേജ്-IV**<br>വിതരണ ശൃംഖലയും ഉന്നതതല ജല സംഭരണിയും (സിസ്റ്റം-II)<br>AS amount (70 കോടി) ലെസ്സ് ലിമിറ്റ് ചെയ്ത് റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>**പാക്കേജ് - V & VI**<br>(നിലവിലുള്ള വിതരണ ശൃംഖല ശക്തിപ്പെടുത്തൽ)<br>വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

ബി പ്രസ്തുത പദ്ധതിക്ക് നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

ബി. പ്രസ്തുത പദ്ധതിയ്ക്ക് ഇതുവരെ 3894.67 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

സി 2014 ആഗസ്റ്റ് മാസം പൂർത്തിയാക്കേണ്ട പദ്ധതി ഇനിയും എന്ന് പൂർത്തീകരിക്കാമെന്ന് വിശദമാക്കാമോ;

സി പദ്ധതി 2016 അവസാനത്തോടെ പൂർത്തീകരിക്കാൻ സാധിക്കും.

ഡി നാളിതുവരെ ഏതെല്ലാം OH ടാങ്കുകളിലേക്ക് പൈപ്പ് ലൈൻ വലിച്ച് നീരേറ്റുപുറം പ്ലാന്റിൽ നിന്നും സപ്ലൈ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

ഡി നീരേറ്റുപുറം പ്ലാന്റിൽ നിന്നും കിടങ്ങറ, എടത്വ എന്നിവിടങ്ങളിലുള്ള ഒ.എച്ച് ടാങ്കുകളിലേയ്ക്ക് പൈപ്പ് ലൈൻ വലിച്ച് സപ്ലൈ ആരംഭിച്ചിട്ടുണ്ട്.

ഇ 2015 ഡിസംബറിനകം ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കുമെന്നും ഏതെല്ലാം OH ടാങ്കുകളിൽ കുടിവെള്ളം ലഭ്യമാക്കുമെന്നും വിശദമാക്കാമോ; OH ടാങ്കുകളിൽ നിന്നുള്ള വിതരണ ലൈനുകളുടെ മാപ്പ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

ഇ 2015-ഡിസംബറിനകം പദ്ധതികളുടെ പണി പൂർത്തീകരിക്കാൻ സാധിക്കുകയില്ല. വിവിധ ടാങ്കുകളിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള പൈപ്പ് ലൈൻ പണികൾ പുരോഗമിച്ചു വരുന്നു. ടാങ്കുകളിൽ നിന്ന് 6 പഞ്ചായത്തിലേയ്ക്ക് ജലവിതരണം നടത്തുന്നതിനുള്ള വിതരണ ശൃംഖലയുടെ പണികളും പുരോഗമിക്കുന്നു. 2016 മാർച്ചോടുകൂടി ഈ പണികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മറ്റ് 6 പഞ്ചായത്തുകളിലേയ്ക്കുള്ള വിതരണ ശൃംഖലയുടെ എസ്റ്റിമേറ്റ് അനുമതി നൽകുന്നതിനായി പരിശോധിച്ചു വരുന്നു. 12 പഞ്ചായത്തിലേയ്ക്കുള്ള വിതരണ ശൃംഖലയുടെ മാപ്പുകൾ അനുബന്ധമായി ചേർക്കുന്നു.

എഫ് കാവാലം, തകഴി എന്നിവിടങ്ങളിലെ പുതിയ OH ടാങ്കുകളുടെ നിർമ്മാണത്തിന് ഇതുവരെ

എഫ് കാവാലം ഒ.എച്ച് ടാങ്ക് റീ-ടെണ്ടർ ചെയ്യുന്നതിനുവേണ്ടി പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് പരിശോധനയിലാണ്. തകഴി ഒ.എച്ച് ടാങ്കിന്റെ പണികൾ ആരംഭിക്കുന്നതിനു വേണ്ടി

| | | |
|---|---|---|
| | സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | എഗ്രിമെന്റ് വച്ചതെങ്കിലും ടാങ്കിന്റെ സ്ഥാനം മാറ്റേണ്ടി വന്നതിനാൽ ഡീവിയേഷൻ പ്രൊപ്പോസൽ അംഗീകാരം ലഭിക്കേണ്ടതുണ്ടായിരുന്നു. ഇപ്പോൾ അംഗീകാരം ലഭ്യമായിട്ടുണ്ട്. |
| ഡി | പ്രസ്തുത പദ്ധതി അവലോകനം ചെയ്യുന്നതിന് ബഹു. മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉദ്യോഗസ്ഥരുടെ അടിയന്തര മീറ്റിംഗ് വിളിച്ചുകൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ? | ഇക്കാര്യം പരിശോധിച്ച് തീരുമാനിക്കും. |

സെക്ഷൻ ഓഫീസർ